ഐസിഡിഎസ് - എ6 - 7373/2020

വനിതശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയ്യതി. 10.08.2020
ഫോൺനമ്പർ - 0471 - 2346534

**പരിപത്രം**

**വിഷയം:** - **വനിതശിശുവികസന വകുപ്പ് - കോവിഡ്19 - സൈക്കോസോഷ്യൽ സർവ്വീസസ് പദ്ധതി - ടെലികൗൺസിലിംങ്ങ് സേവനങ്ങൾ - കൂടുതൽ ശക്തിപ്പെടുത്തുന്നത് - സംബന്ധിച്ച്;**

**സൂചന:** - **ഐസിഡിഎസ്/എ6/7373/2020 തീയ്യതി 17 - 06 - 2020.**

കോവിഡ്19 രോഗവ്യാപനത്തെതുടർന്ന് സോക്കോസോഷ്യൽ സർവ്വീസസ് പദ്ധതിയിലെ സ്കൂൾ കൗൺസിലർമ്മാർ നിലവിൽ DMHP യുമായി ചേർന്ന് ടെലികൗൺസിലിംങ്ങ് സേവനങ്ങൾ നല്കി വരികയാണ്. നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോ പ്രസിദ്ധപ്പെടുത്തിയ കണക്കുകൾ പ്രകാരം 2020 മാർച്ച് മുതൽ 2020 ജൂലൈ 10 വരെയുള്ള ചുരുങ്ങിയ ലോക്ഡൗൺ കാലയളവിൽ മാത്രം കേരളത്തിൽ 66 കുട്ടികൾ ആത്മഹത്യ ചെയ്തുവെന്നും അതിലേറെ കുട്ടികൾ ആത്മഹത്യാശ്രമം നടത്തി പരാജയപ്പെട്ടെന്നും വ്യക്തമാക്കിയിട്ടുണ്ട് പ്രത്യേക കരുതലും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി കൗൺസിലിംങ്ങ് നടത്തി അവരുടെ മാനസിക സംഘർഷം ലഘൂകരിച്ച് ഇത്തരം പ്രവണതകൾ ഉണ്ടാകാതിരിക്കാനും കുട്ടികൾക്ക് മാനസിക പിന്തുണ ഉറപ്പാക്കുന്നതിനും വേണ്ടിയാണ് വകുപ്പ് മുഖാന്തിരം സ്കൂളുകളിൽ സൈക്കോസോഷ്യൽ സർവ്വീസസ് പദ്ധതി നടപ്പാക്കി വരുന്നത്. നിലവിൽ സ്കൂളുകൾ തുറക്കാത്ത സാഹചര്യത്തിലും കോവിഡ് രോഗവ്യാപനത്തെതുടർന്ന് വീടുകളിൽ കഴിയുന്ന ഇത്തരം കുട്ടികൾക്ക് ടെലികൗൺസിലിംങ്ങ് സംവിധാനം ഏർപ്പെടുത്തണമെന്നും ആയതിലൂടെ അവർക്ക് മാനസികപിന്തുണ ഉറപ്പാക്കണമെന്നും സർക്കാർതലത്തിൽ നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. അതിനെ തുടർന്ന് സൂചനപ്രകാരം മാർഗനിർദേശങ്ങൾ നൽകി പരിപത്രം പുറപ്പെടുവിച്ചിരുന്നു. ടി പരിപത്രത്തിലെ പല നിർദേശങ്ങളും പാലിക്കപ്പെടുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന പരിപത്രത്തിലെ നിർദേശങ്ങൾക്ക് തുടർച്ചയായി ചുവടെ ചേർക്കുന്ന നിർദേശങ്ങൾ കൂടി കർശനമായി പാലിക്കേണ്ടതാണ്.

1. സിഡിപിഒ - മാർ സ്കൂൾ കൗൺസിലർമാരുടെ പ്രവർത്തനങ്ങൾ കൃത്യമായി നിരീക്ഷിച്ച് ആവശ്യമായ നിർദേശങ്ങൾ നല്കേണ്ടതും PO/DWCO ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

2. ഓരോ ദിവസവും DMHP-ൽ നേരിട്ടെത്തി ടെലികൗൺസിലിങ്ങിൽ പങ്കാളികളാകുന്ന കൗൺസിലർമാർ ഒഴികെയുള്ള മറ്റ് കൗൺസിലമാർ നിലവിൽ വീടുകളിൽ നിന്നാണ് ടെലി

കൗൺസിലിംങ്ങ് നടത്തി വരുന്നത്. സൈക്കോസോഷ്യൽ കൗൺസിലർമാർ എല്ലാവരും DMHP-യിൽ നേരിട്ട് പങ്കെടുക്കാത്ത ദിവസങ്ങളിൽ നിലവിലുള്ള കോവിഡ് മാനദണ്ഡപ്രകാരമുള്ള ദിവസങ്ങൾ ഐസിഡിഎസ് ഓഫീസിൽ ഹാജർ രേഖപ്പെടുത്തി ജോലി ചെയ്യേണ്ടതാണ്. ഓഫീസ് സമയക്രമത്തിൽ ഓഫീസിൽ വച്ച് DMHP-യിൽ നിന്ന് ലഭ്യമാക്കുന്ന ലിസ്റ്റിൽ ഉള്ളവർക്കും ഐസിഡിഎസ് ഗുണഭോക്താക്കളിൽ കൗൺസിലിംങ്ങ് ആവശ്യമുള്ള ആളുകൾക്കും സ്കൂൾ കുട്ടികൾക്കും ടെലികൗൺസിലിംങ്ങ് ജോലികൾ ചെയ്യേണ്ടതാണ്. ടെലി കൗൺസിലിങ്ങിന് ആവശ്യമായ Privacy അതാത് സിഡിപിഒമാർ ഓഫീസിൽ ക്രമീകരിച്ച് നൽകേണ്ടതാണ്. അപ്രകാരം Private Place ഒരുക്കുവാൻ ഓഫീസിൽ സൗകര്യം ഇല്ലെങ്കിൽ മാത്രം ഓഫീസിനടുത്തുള്ളതും സൗകര്യപ്രദവും സുരക്ഷിതവുമായ ഒരു അങ്കണവാടി കെട്ടിടം അതിനായി ക്രമീകരിച്ച് നൽകുവാൻ സിഡിപിഒമാർ നടപടി സ്വീകരിക്കേണ്ടതാണ്. കോവിഡ് പ്രോട്ടോകോൾ പ്രകാരം സ്കൂൾകൗൺസിലർമാർ വീട്ടിൽ ഇരുന്ന് ജോലിചെയ്യേണ്ടി വരുന്ന ദിവസങ്ങളിൽ DMHP നേരിട്ട് Assign ചെയ്യുന്ന കോളുകളും കൂടാതെ മേൽപരാമർശിച്ചിട്ടുള്ള ആളുകൾക്കും മുടക്കം കൂടാതെ ടെലികൗൺസിലിംങ്ങ് സേവനം നൽകേണ്ടതാണ്.

3. DMHP-യുടെ കൗൺസിലിംങ്ങ് പ്രോഗ്രാമിൽ നാളിതുവരെ നേരിട്ടും വീടുകളിൽ ഇരുന്നും പങ്കെടുക്കാത്തതും ആയത് നാളിതുവരെ റിപ്പോർട്ട് ചെയ്യാത്തതുമായ സ്കൂൾ കൗൺസിലർമാരുടെ വിവരങ്ങൾ സിഡിപിഒ- മാർ ശേഖരിച്ച് വർക്ക് ഡയറി സഹിതം ജില്ലാവനിതശിശുവികസന ഓഫീസർക്ക് നൽകേണ്ടതും ജില്ലാവനിതശിശുവികസന ഓഫീസർമാർ കൗൺസിലർമാരിൽ നിന്ന് വിശദീകരണം വാങ്ങി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

4. കോവിഡ് പ്രോട്ടോകോൾ പ്രകാരം സർക്കാരും ജില്ലാഭരണകൂടവും ജീവനക്കാർ ഓഫീസിൽ ഹാജരാകുന്നതിനായി നിശ്ചയിച്ച് നൽകുന്ന മാനദണ്ഡങ്ങൾ സ്കൂൾകൗൺസിലർമാർക്കും ബാധകമാക്കി ഓഫീസ് മേലധികാരി നടപടി സ്വീകരിക്കേണ്ടതാണ്.

5. ഐസിഡിഎസ് പ്രോജക്ട് ഓഫീസുകളുടെ പ്രവർത്തനത്തിനായി സർക്കാരോ അതാത് ജില്ലാ കളക്ടറോ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിന് സിഡിപിഒ ജോലി/ഹാജർ ക്രമീകരണം നടത്തുമ്പോൾ സ്കൂൾ കൗൺസിലർമാരെ കൂടി ഉൾപ്പെടുത്തി വേണം ക്രമീകരണം നടത്തേണ്ടത്.

6. DMHP -ൽ നേരിട്ട് കൗൺസിലിംങ്ങിൽ പങ്കാളികളാകുന്ന കൗൺസിലർമാർ ടി ദിവസങ്ങളിലെ ഡ്യൂട്ടി സർച്ചിഫിക്കറ്റ് DMHP-യിലെ ബന്ധപ്പെട്ട അധികാരികളിൽ നിന്നും വാങ്ങി വർക്ക് ഡയറിയോടൊപ്പം മാസാവസാനം മേലധികാരിക്ക് സമർപ്പിക്കേണ്ടതാണ്. ഡ്യൂട്ടി സർട്ടിഫിക്കറ്റ് നാളിതുവരെ ഹാജരാക്കിയിട്ടില്ലാത്ത കൗൺസിലർമാർ അതാത് DMHP-ൽ നിന്നും വാങ്ങി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ഡ്യൂട്ടി സർട്ടിഫിക്കറ്റ് നൽകാൻ DMHP- ൽ നിന്നും വിസമ്മതിക്കുകയാണെങ്കിൽ ജില്ലാ വനിതശിശുവികസന ഓഫീസർമാർ മുഖാന്തിരം ജില്ലാ മെഡി

ക്കൽ ഓഫീസുമായി ബന്ധപ്പെട്ട് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ആവശ്യമായ നടപടി സിഡിപിഒമാർ സ്വീകരിക്കേണ്ടതാണ്.

7. Vulnerability Maping വഴി കണ്ടെത്തിയിട്ടുള്ള കുടുംബങ്ങളിലെ കുട്ടികളുടെ വിവരങ്ങളും ഫോൺനമ്പറും അങ്കണവാടി പ്രവർത്തകരിൽ നിന്നും സൂപ്പർവൈസർമാരിൽ നിന്നും ശേഖരിച്ച് ടെലികൗൺസിലിംങ്ങ് നടത്തുന്ന കൗൺസിലർമാർക്ക് വീതിച്ച് നൽകുവാൻ ബന്ധപ്പെട്ട സിഡിപിഒ-മാർ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

8. കൗൺസിലിംങ്ങ് ആവശ്യമുള്ള എല്ലാ ക്ലാസ്സുകളിലേയും കുട്ടികളുടെ മാതാപിതാക്കളുടെ ഫോൺനമ്പർ അദ്ധ്യാപകരുമായി ബന്ധപ്പെട്ട് ശേഖരിച്ച്, സ്കൂൾ കൗൺസിലർമാർ ടെലി കൗൺസിലിംങ്ങ് സമയബന്ധിതമായി നടത്തേണ്ടതാണ്.

9. ഓഫീസുകളിലെത്തി ടെലികൗൺസലിംങ്ങ് നടത്തുന്ന കൗൺസിലർമാർ DMHP ചുമതലപ്പെടുത്തുന്ന ടെലികൗൺസിലിംങ്ങിനോടൊപ്പം ഈ പരിപത്ര പ്രകാരവും സൂചന പരിപത്രപ്രകാരവുമുള്ള എല്ലാ ചുമതലകളും നിർവ്വഹിക്കേണ്ടതും ടെലികൗൺസിലിംങ്ങ് പ്രവർത്തികൾ വിലയിരുത്തുന്നതിനായി ആയതിന്റെ ലിസ്റ്റ് രേഖാമൂലം സൂക്ഷിക്കേണ്ടതും കാറ്റഗറി തിരിച്ച് ചുവടെ ചേർത്തിട്ടുള്ള പെർഫോർമയിൽ 8 മുതൽ 15 വരെയുള്ള കോളങ്ങൾ പ്രതിദിന റിപ്പോർട്ടായി ഓഫീസ് മേലധികാരിക്ക് നൽകേണ്ടതുമാണ്. പ്രസ്തുത റിപ്പോർട്ട് ക്രോഡീകരിച്ച് സിഡിപിഒമാർ എല്ലാ ആഴ്ചയും പ്രോഗ്രാം ഓഫീസർക്ക് നൽകേണ്ടതും ആയത് ജില്ലാതലത്തിൽ ക്രോഡീകരിച്ച് പ്രോഗ്രാം ഓഫീസർമാർ വാരാന്ത്യ റിപ്പോർട്ട് എല്ലാ വെള്ളിയാഴ്ചകളിലും ഡയറക്ടറേറ്റിലേക്ക് അയച്ച് നൽകേണ്ടതുമാണ്.

(P.T.O)

| | | |
|---|---|---|
| 1 | Repotring Month & Year | |
| 2 | Name of school Counselor | |
| 3 | Total no. of working days in Week | |
| 4 | No. of days present in Office | |
| 5 | No. of days reported in DMHP | |
| 6 | No. of Leaves if any, specify | |
| 7 | Eligible Working days(as per Covid Protocol) | |

| 8 | Item | DMHP | School Students | Cases reported from Parents/Schools | Cases of ICDS beneficiaries reported by AWWs & LSGD | Cases from vulnerable families | Other | TOTAL |
|---|---|---|---|---|---|---|---|---|
| 9 | *Total no. of cases referred to PSSC* | | | | | | | |
| 10 | *No. of calls made by PSSC* | | | | | | | |
| 11 | *No. of Counseling given by PSSC* | | | | | | | |
| 12 | *No. of Serious issues found* | | | | | | | |
| 13 | *No of cases requiring Follow up* | | | | | | | |
| 14 | *No. cases referred to health care professionals* | | | | | | | |
| 15 | *Other* | | | | | | | |

വനിതശിശുവികസന ഡയറക്ടർക്കുവേണ്ടി

PREETHY WILSON
ASSISTANT DIRECTOR
Women and Child Development Department
Poojappura, Thiruvananthapuram
Phone : 8281999340